LIBRARY ARCHIVES Kerala Legislative Assembly

പുതിയങ്ങാടിയിൽ ഫില്ലിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

143 [1861] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിലെ പുതിയങ്ങാടി തീരദേശത്ത് മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധനം നിറയ്ക്കുന്നതിനുള്ള ഒരു ഫില്ലിംഗ് സ്റ്റേഷൻ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്ഥലത്ത് ഒരു ഫില്ലിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) പുതിയങ്ങാടിയിലോ പരിസരപ്രദേശത്തോ ഫില്ലിംഗ് സ്റ്റേഷൻ ആരംഭിക്കുന്നതിലേക്കുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയങ്ങാടിയിലെ ഐസ് പ്ലാന്റ് തുറന്ന് പ്രവർത്തനം പുനരാരംഭിക്കാൻ നടപടി

144 [1862] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിലെ പുതിയങ്ങാടിയിൽ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ഐസ് പ്ലാന്റ് പൂട്ടിയിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഐസ് പ്ലാന്റ് തുറന്ന് പ്രവർത്തനമാരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ഐസ് പ്ലാന്റ് തുറന്ന് പ്രവർത്തനമാരംഭിക്കുവാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത ഐസ് പ്ലാന്റ് കാലപ്പഴക്കംമൂലം പ്രവർത്തക്ഷമമല്ലാതായിരിക്കുകയാണ്. പ്ലാന്റിലെ സാധനങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്തു പ്രവർത്തനക്ഷമമാക്കാൻ കഴിയാതിരിക്കുന്നതിനാൽ പ്ലാന്റിന്റെ പ്രവർത്തനം അവസാനിപ്പിച്ച് മെഷിനറികൾ ലേലം ചെയ്തു വിൽക്കാനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്.

പ്രവർത്തനക്ഷമമല്ലാത്ത മത്സ്യസഹകരണ സംഘങ്ങൾ

145 [1863] ശ്രീ. യു. സി. രാമൻ :

,, പി. കെ. കെ. ബാവ :

,, സി. മമ്മൂട്ടി :

,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത എത്ര മത്സ്യ സഹകരണ സംഘങ്ങൾ ഉണ്ട് ;

(ബി) ഇവ നിർത്തലാക്കാനുള്ള തീരുമാനം എന്നത്തേക്ക് നടപ്പിലാക്കും ;

(സി) ഈ സഹകരണ സംഘങ്ങൾ നിർവഹിച്ചിരുന്ന സേവന പരിപാടികൾ തുടർന്ന് കൊണ്ടുപോകുന്നതിന് ആലോചനയുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 245

(ബി) കേരള സഹകരണസംഘത്തിലെ ചട്ടങ്ങൾ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷമേ നിർത്തലാക്കുന്നതിനുള്ള അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളു.

(സി) ഉണ്ട്.

(ഡി) നിർത്തലാക്കപ്പെടുന്ന സംഘങ്ങളിലെ അർഹരായ യഥാർത്ഥ മത്സ്യ തൊഴിലാളികൾക്ക് അവരുടെ വാസസ്ഥലത്തിനടുത്തുള്ള പ്രവർത്തനക്ഷമമായ സംഘങ്ങളിൽ അംഗത്വം നൽകി ഫിഷറീസ് വകുപ്പും മറ്റ് ബന്ധപ്പെട്ട ഏജൻസികളും നൽകി വരുന്ന ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കാനുള്ള സാഹചര്യം നിലനിർത്തും.

LIBRARY ARCHIVES Kerala Legislative Assembly